**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 446** **11-08-2021 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയുടെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകളുടെ കരുത്തുറ്റ സാമൂഹിക സംഘടനാ സംവിധാനം എന്ന നിലയിൽ കുടുംബശ്രീയുടെ പ്രവർത്തനമേഖല വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് സ്ത്രീകളുടെ കരുത്തുറ്റ സാമൂഹിക സംഘടനാ സംവിധാനം എന്ന നിലയിൽ കുടുംബശ്രീയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 1.കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുകയും നിരന്തരം പരിപോഷിപ്പിക്കുകയും ചെയ്യുക. a)സാമൂഹ്യാധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുന്നതിന് ജില്ല-ബ്ലോക്ക്-സിഡിഎസ് തല കോർകമ്മിറ്റി രൂപീകരണം. b)സിഡിഎസ് തല മെന്റർമാരുടെ നിയമനം c)സ്വതന്ത്രമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ വിഷൻ ബിൽഡിംഗ് പരിശീലനങ്ങൾ സംഘടിപ്പിക്കുക. d)സിഡിഎസ്സ് ഓഫീസ് നവീകരണവും എഡിഎസ്സുകൾക്ക് ഓഫീസ് സൗകര്യം സജ്ജീകരിക്കലും 2.കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്താനായി മികച്ച നയങ്ങൾ നിരന്തരം സ്വീകരിച്ച് മുന്നോട്ട് പോകണം. 3.കുടുംബശ്രീ സംഘടനാ സംവിധാനത്തിന് മികച്ച പരിശീലനങ്ങൾ നിരന്തരമായി നൽകണം. 4.കുടുംബശ്രീ അയൽക്കൂട്ട ശാക്തീകരണം 5. പുതു തലമുറയെ ഉൾക്കൊള്ളിക്കുന്നതിന് 18-40 പ്രായപരിധിയിലുള്ള യുവതികളുടെ യൂണിറ്റുകൾ രൂപീകരിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കും. |
| (ബി) | ഇ-കൊമേഴ്സ് മേഖലയുടെ വളർച്ചാസാധ്യത കണക്കിലെടുത്ത് ഈ രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. ഇ-കോമേഴ്സ് മേഖലയുടെ വളർച്ചാ സാധ്യത കണക്കിലെടുത്ത് ഈ രംഗത്ത് കുടുംബശ്രീ കൃത്യമായ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (സി) | കുടുംബശ്രീയുടെ ഇ-കോമേഴ്സ് പ്രവർത്തനം | (സി) | കുടുംബശ്രീയുടെ ഇ-കോമേഴ്സ് പോർട്ടൽ |

| | | | |
|---|---|---|---|
| | വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ക്ലേശ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | വിപുലീകരിക്കുന്നതിൽ കൂടുതൽ പൊതുജന അവബോധം സൃഷ്ടിക്കാത്തതും മത്സരാധിഷ്ഠിത വിലയിൽ ഉല്പന്നങ്ങൾ നല്കാൻ സാധിക്കാത്തതും നിലവിലുള്ള ക്ലേശഘടകങ്ങളാണ്. കൂടാതെ ഓൺലൈൻ പോർട്ടലുകളിൽ പ്രാമുഖ്യത്തോടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യേണ്ടതുമുണ്ട്. |
| (ഡി) | കുടുംബശ്രീ സംരംഭകർക്ക് നേരിട്ട് ഇ-കൊമേഴ്സ് സൈറ്റുകളിൽ ഉൽപന്നങ്ങൾ വില്പന നടത്തുവാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കുടുംബശ്രീ സംരംഭകർക്ക് നേരിട്ട് ഇ-കോമേഴ്സ് സൈറ്റുകളിൽ ഉൽപ്പന്നങ്ങൾ വില്പന നടത്തുവാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള പരിശീലനവും സഹായവും കുടുംബശ്രീ മുഖേന നൽകിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 500 സംരംഭകർക്ക് കൂടി പരിശീലനം നൽകി ഓൺലൈൻ വിപണന രംഗത്ത് സജീവമാക്കുന്നതാണ്. |
| (ഇ) | ഇ-കൊമേഴ്സ് രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ? | (ഇ) | ഉണ്ട്. ഇ-കോമേഴ്സ് രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനു നടപടികൾ പരിഗണനയിലുണ്ട്. 1000 സംരംഭകർക്ക് പ്രയോജന പ്രദമാകുന്ന രീതിയിൽ 2500 കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണനത്തിന് സജ്ജീകരിച്ച് കുടുംബശ്രീ ഓൺലൈൻ പ്രവർത്തന വിപുലീകരണ പദ്ധതി ലക്ഷ്യമിടുന്നു |

സെക്ഷൻ ഓഫീസർ